**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 355** **05-12-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ പൊതു സർവീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ പൊതു സർവീസിന്റെ ഭാഗമായി ടൗൺ പ്ലാനിംഗ്, എഞ്ചിനീയറിംഗ് വിഭാഗങ്ങളിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്താനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; കെട്ടിട നിർമ്മാണ അപേക്ഷകൾ തീർപ്പാക്കുന്നതിനായി ടൗൺ പ്ലാനിംഗ് വിഭാഗം വിപുലീകരിക്കുന്നതിനു പദ്ധതിയുണ്ടോ എന്നറിയിക്കുമോ; | (എ) | തദ്ദേശസ്വയംഭരണ പൊതുസർവീസിന്റെ ഭാഗമായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഒരു സംവിധാനത്തിന്റെ കീഴിൽ എല്ലാ വിഭാഗങ്ങളെയും ഒരുമിപ്പിച്ചുകൊണ്ടു പോകുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ടൗൺ പ്ലാനിംഗ്, എഞ്ചിനീയറിംഗ് വിഭാഗങ്ങളുടെ ഘടനയിൽ മാറ്റംവരുത്തുന്നില്ല. ടൗൺ പ്ലാനിംഗ് വിഭാഗം വിപുലീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ് . |
| (ബി) | പദ്ധതി പ്രവർത്തനത്തിലും പൊതു ജനങ്ങളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളിന്മേലും അതിവേഗം തീരുമാനം കൈക്കൊള്ളുന്നതിന് പ്രസ്തുത തദ്ദേശ സ്വയംഭരണ പൊതു സർവ്വീസ് സംവിധാനം സഹായിക്കുമോ; വിശദമാക്കുമോ; | (ബി) | വിവര സാങ്കേതിക വിദ്യയുടേയും ഇ-ഗവേണൻസിന്റെയും സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി എല്ലാ ഓഫീസുകളിലും ഇ-ഫയലിംഗ് സംവിധാനം ഒരുക്കുന്നതിനും അതിവേഗ ഫയൽ സഞ്ചാരം ഉറപ്പുവരുത്തി പൊതുജനങ്ങളുടെയും ജീവനക്കാരുടെയും ആവശ്യങ്ങൾക്ക് ദ്രുതഗതിയിൽ പരിഹാരം ഉണ്ടാക്കുന്നതിനുമാണ് ഏകീകരണത്തിലൂടെ ലക്ഷ്യമിടുന്നത്. അതുപോലെ ആധുനിക സാങ്കേതികവിദ്യയുടെ പിൻബലത്തിൽ ഓൺലൈൻ സേവനങ്ങൾ ഉപയോഗപ്പെടുത്തി സമയലാഭത്തെക്കുറിച്ചുള്ള അറിവ് ജനങ്ങളിൽ എത്തിക്കുന്നതുവഴി ഓഫീസുകളിലെ തിരക്ക് കുറയ്ക്കുവാനും സേവനങ്ങൾ അതിവേഗം പ്രദാനം ചെയ്യുന്നതിനും കഴിയുന്ന രീതിയിൽ ഓഫീസുകളെ മാറ്റുന്നതിനും സാധിക്കും. ഇലക്ട്രോണിക്ക് വിദ്യയുടെ സഹായത്തോടെ ഓഫീസുകൾ പൂർണ്ണമായും കടലാസ് രഹിതമാക്കുന്നതിനും അതിനുള്ള നേതൃത്വം നൽകുന്നതിനും പുതിയ സംവിധാനം ലക്ഷ്യമിടുന്നു. ഫയൽ സഞ്ചാരത്തിൽ തട്ടുകളുടെ എണ്ണം സാധാരണ നിലയിൽ മൂന്ന് ആയും കൂടുതൽ പരിശോധന ആവശ്യമുള്ള വിഷയങ്ങളിൽ മാത്രം നാല് തട്ടായും നിജപ്പെടുത്തുക വഴി ഫയലുകളിൽ വേഗത്തിൽ തീരുമാനം ഉണ്ടാകുന്നതിനും സേവനപ്രദാനത്തിന്റെ വേഗത വർദ്ധിപ്പിക്കുന്നതിനും |

| | | | |
|---|---|---|---|
| | | | സാധിക്കും. ഓഫീസുകളിൽ നിന്നും വിശിഷ്യാ തദ്ദേശസ്ഥാപനങ്ങളിൽ നിന്നും സേവനം ലഭിക്കാൻ കാലതാമസം നേരിടുന്നുവെന്ന പരാതിക്ക് പരിഹാരം കണ്ടെത്തുന്നതിനും ഓഫീസുകൾക്ക് ജനപക്ഷമുഖം നൽകുന്നതിനും ഏകീകരണം വഴി സാധ്യമാകും. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാവുന്ന സേവനങ്ങൾക്കും സാക്ഷ്യപത്രങ്ങൾക്കും ഒരേ രീതിയിലുള്ള ഫോമുകളും രേഖകളും മാത്രം ഉപയോഗിക്കുന്ന രീതി അവലംബിക്കാനും അതുവഴി ഫയൽ നീക്കം വേഗത്തിലാക്കാനും സാധിക്കുന്നതാണ് . |
| (സി) | തദേശ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾ, വാഹന പുനരുദ്ധാരണ പ്രവൃത്തികൾ എന്നിവയുടെ ഫയലുകൾ പൊതുമരാമത്ത് വകുപ്പിലേക്ക് അയക്കേണ്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ,എങ്കിൽ പൊതു സർവീസിന്റെ ഭാഗമായി ഇത്തരത്തിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | (സി) | ഉണ്ട് .തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾ ജില്ലാ പഞ്ചായത്ത് തലത്തിൽ രൂപീകരിച്ചിട്ടുള്ള ജില്ലാതല ഇലക്ട്രിക്കൽ കമ്മിറ്റി മുഖേനയും, വാഹനപുനരുദ്ധാരണ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് മെക്കാനിക്കൽ വിഭാഗം മുഖേനയുമാണ് നടപ്പിലാക്കുന്നത് .നിലവിലെ സംവിധാനത്തിൽ ഇലക്ട്രിക്കൽ മെക്കാനിക്കൽ പ്രവൃത്തികൾ പരമാവധി വേഗത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ